# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3574** **20.06.2018-ൽ മറുപടിക്ക്**

**പുല്ലുവിള സി.എച്ച്.സി-യിലെ ഡോക്ടറുടെ കൃത്യവിലോപം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം.വിൻസെന്റ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) കോവളം നിയോജക മണ്ഡലത്തിലെ പുല്ലുവിള സി.എച്ച്.സി യിൽ മൂന്ന് ഡോക്ടർമാർ നിലവിൽ ഉള്ളതിൽ ശ്രീ. നെബു ജോൺ എന്ന ഡോക്ടർ സ്ഥിരമായി ജോലിയ്ക്ക് ഹാജരാകാത്തത് സംബന്ധിച്ച ഡി.എം.ഒ യുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏറ്റവും ജനസാന്ദ്രതയുള്ള കരുങ്കുളം ഗ്രാമപഞ്ചായത്തിലെ ഏക സി.എച്ച്.സി യിലെ ഡോക്ടറെ ക്കുറിച്ചുള്ള റിപ്പോർട്ടാണിതെന്ന് അറിയുമോ;<br><br>(ബി) പ്രസ്തുത ഡോക്ടറെക്കുറിച്ച് നിരവധി പരാതികൾ നിലനിൽക്കെ കഴിഞ്ഞ മാസം ജനങ്ങൾ റോഡ് ഉപരോധം നടത്തിയപ്പോൾ പ്രസ്തുത ഡോക്ടറെ മാറ്റാം എന്ന് ജില്ലാ കളക്ടറുടെ ഉറപ്പ് ലഭിച്ചത് അറിയുമോ; എങ്കിൽ ഡോക്ടറെ എത്രയും വേഗം മാറ്റാൻ നടപടി സ്വീകരിക്കുമോ? | (എ) & (ബി) പുല്ലുവിള സി.എച്ച്.സി യിലെ ഡോ. നെബു ജോൺ സ്ഥിരമായി ജോലിക്ക് ഹാജരാകുന്നില്ലെന്നുള്ള ഒരു റിപ്പോർട്ട് ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയിട്ടില്ല. എന്നാൽ സമാന വിഷയത്തിന്മേലുള്ള ഒരു പരാതിയിന്മേൽ ബഹു. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ഇൻചാർജ് അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ട് അനന്തര നടപടികൾക്കായി ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന് ആധാരമായ പരാതിയിന്മേലുള്ള അനന്തര നടപടികൾ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.A No. 618/18-ലെ ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിരിക്കുകയാണ് |

സെക്ഷൻ ഓഫീസർ